ശ്രീ. ഇ. ജാൺഫിലിപ്പോസ്: ഇതുപോലെ വ്യത്തിഹീനമായ പല സ്ഥലങ്ങളുംകിടപ്പുണ്ട്. നന്നാക്കാൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

*൩൨൨. *(൨൪) സാഹിബ്ബഹദൂർ കെ. സി. മായൻകുട്ടി മേത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലിഫ്റ്റ് ഇറിഗേഷനുവേണ്ടി ചൊവ്വര പരിസരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പമ്പുകളിൽ ഏതെല്ലാമാണ് ഗവൺമെൻറ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്നു പറയാമോ;

(ബി) ആവണംകോട്ടസ്റ്റീമിൽനിന്നും ചൊവ്വര പരിസരങ്ങളിലേക്കുകൂടി ജലവിതരണം ചെയ്യുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ എന്നു പറയാമോ?

Sri. E. John Philipose : The answer to question No. 15 is not here, Sir.

സാഹിബ്ബഹദൂർ കെ. എ. മുഹമ്മദ്: സർ, ഒരു പായിൻറ്ആഫ് ഓർഡർ. ഈ സേഴ്സ് ready അല്ലെന്നു പറയാൻ റൂളിൽ പ്രൊവിഷനുണ്ടോ;

മിസ്റ്റർ. സ്പീക്കർ: അങ്ങിനെ പറയാം.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ഏതെല്ലാം സ്ഥാനങ്ങളിലുള്ള പമ്പുകളാണു സ്ഥിരപ്പെടുത്തേണ്ടതെന്നുള്ള കാര്യം അന്വേഷണത്തിലിരിക്കുകയാണ്.

(ബി) ആവണംകോട്ട സ്റ്റീമിൽ നിന്നും ചൊവ്വര പരിസരങ്ങളിലേക്കു കൂടി ജലവിതരണം നടത്തുന്നതിനുള്ളസാധ്യതയുണ്ട്. എന്നാൽ അതിലേയ്ക്ക് റയിൽവെ ലയിനിനടിയിൽകൂടി ഒരു കലുങ്ക് പണിയേണ്ട ആവശ്യമുണ്ട്.

പരസ്പരസഹായസംഘങ്ങൾ

*൩൨൩ (൨൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കയർ വ്യവസായ പുരോഗമനത്തിനായി ഏതെല്ലാം സ്ഥലങ്ങളിലാണ് പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഓരോന്നിനേറയും പ്രവത്തനരീതി എന്തായിരിക്കും;

(സി) കയറുകൊണ്ടുണ്ടാക്കുന്ന സാധനങ്ങൾക്ക വിദേശങ്ങളിൽ വിപണികൾ കണ്ടുപിടിക്കുന്നതിനായി വല്ലതും ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ?

(ഡി) ചീഞ്ഞ മടലിൻെറ വില കൺട്രോൾ ചെയ്യുവാൻ വേണ്ട എടുപ്പാട് ചെയ്യുമോ;

(ഇ) കയർ വ്യവസായത്തിൻെറ ഒരു പ്രധാനകേന്ദ്രമായ കൊച്ചി ഡിവിഷനിലെ കമ്പളങ്ങി ദേശത്തു ഒരു സഹകരണസംഘം സ്ഥാപിക്കുവാനും ഒരു കയർ ഫാക്ടറി തുറക്കുവാനും ഒരുവുണ്ടാകുമോ?

ശ്രീ: എൻ. കുഞ്ഞുരാമൻ: (എ & ബി) കയർ വ്യവസായത്തിൻെറ പുരോഗമനത്തിനായി ആ വ്യവസായം സഹകരണാടിസ്ഥാനത്തിൽ നടത്തിക്കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനു ഒരു ആഫീസറെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

(സി) ഈ കാര്യത്തിൽ ഗവൺമെണ്ട് പലതും ചെയ്തിട്ടുണ്ട്.

(ഡി) ചീഞ്ഞ മടലിൻെറ വില കൺട്രോൾ ചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: വിപണികൾ സ്ഥാപിക്കുന്ന വിഷയത്തിൽ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കാമോ;

ശ്രീ. എൻ. കുഞ്ഞുരാമൻ: കയറിനെസംബന്ധിച്ചിടത്തോളം ഇൻഡ്യാഗവൺമെൻറും മറ്റു രാജ്യങ്ങളുമായി ഏർപ്പെടുന്ന ട്രേഡ് എഗ്രിമെൻറിൽ കയർ സാമാനങ്ങൾകൂടി ഉൾപ്പെടുത്തണമെന്നു ഇൻഡ്യാ ഗവൺമെൻറിനോടു നിവേദനം ചെയ്തിട്ടുണ്ട്. അതിൻെറ ഫലമായി ഇൻഡ്യാ ഗവൺമെൻറും രണ്ടുമൂന്നു രാജ്യങ്ങളുമായി ഉണ്ടായിട്ടുള്ള ട്രേഡ് എഗ്രിമെണ്ടിൽ കയറിനു സ്ഥാനം കിട്ടിയിട്ടുണ്ട്. ഇതാണ് ഇന്നത്തെ നില.

*Printed serially in the proceedings, although the question was answered only at the end of the question hour.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: സഹകരണാടിസ്ഥാനത്തിൽ കയർ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനു എത്രനാൾ വേണ്ടിവരും?

ശ്രീ. എൻ. കുഞ്ഞുരാമൻ: വളരെ കാലതാമസം വേണ്ടിവരികയില്ല. എന്നാലും എതാനും മാസങ്ങൾ ആയി എന്നു വന്നേക്കാം.

ശ്രീ. പി. നാണു: അതുവരെ കയർ വ്യവസായികളുടെ ജീവിതമാർഗ്ഗത്തിനു ഒരുപ ജാതി കൃപീകരിക്കണമെന്നു തോന്നീട്ടുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ: കയർ വ്യവസായം വളരെ പുരാതനകാലം മുതൽ നിലനിന്നുവരുന്ന ഒരു വ്യവസായമാണു്. അതുകൊണ്ടു് ഒരു ക്ലിപ്തകാലാവധിക്കകത്തു് അതിനുള്ള പദ്ധതി കൃപീകരിച്ചില്ലെങ്കിൽ എന്തെങ്കിലും ദോഷം സംഭവിക്കുമെന്നു ഗവണ്മെൻറു് വിചാരിക്കുന്നില്ല. എതായാലും ഈ കാര്യത്തിൽ വളരെ ശീഘ്രമായി മുമ്പോട്ടുപോകണമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്.

ശ്രീ. പി. നാണു: ഫ്രൻ ഓ ർ-ൽ പദ്ധതി പൂർത്തിയാകുമോ?

Mr. Speaker: That question does not arise.

ശ്രീ. പി. നാണു: ഏതാനും മാസങ്ങൾ എന്നുള്ളതു് ഒരുപക്ഷെ ഡ ര-മാ സ-മായേക്കാം. അതുകൊണ്ടാണു് ഫ്രൻ ഓ ർ-ൽ തീരുമോ എന്നു ചോദിച്ചതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: സഹകരണാടിസ്ഥാനത്തിൽ ഇതു് പരിഷ്കരിക്കുന്നതിനു പ്രത്യേക നിയമമൊന്നും ആവശ്യമില്ല. അതുകൊണ്ടാണു് കഴിയുന്നതും വേഗം എന്നു പറഞ്ഞതു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇതിനെക്കുറിച്ചു് അന്വേഷിച്ചു് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ആഫീസറെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. കയർ കടിൽവ്യവസായത്തെപ്പറ്റിയാണോ അതോ എല്ലാ കയർ വ്യവസായത്തേയും പറ്റി അന്വേഷിക്കുന്നതിനാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: കടിൽ വ്യവസായത്തെപ്പറ്റിയാണു് അതായതു്, ഫാക്ടറി സ്റ്റേജിൽ വരുന്നതുവരെ ഉള്ള കയർ ഉല്പാദനത്തെപ്പറ്റി.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഏതെല്ലാം താലൂക്കുകളാണു കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: എട്ടൊമ്പതു താലൂക്കുകളുണ്ടു്. അവ തീരപ്രദേശങ്ങളാണു്.

ശ്രീ. കെ. രാമചന്ദ്രൻ: ചീഞ്ഞമടൽ എന്നു പറയുന്നതു് തൊണ്ടാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങനെയാണു് ഞാൻ ധരിച്ചിരിക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ: തൊണ്ടു് കൺട്രോൾ ചെയ്യാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. അതു തൊഴിലാളികൾക്കു ന്യായമായ വിലക്കു് കിട്ടുന്നതിനു എന്തെങ്കിലും ചെയ്യാമോ?

ശ്രീ. എൻ കുഞ്ഞുരാമൻ: ഗവണ്മെൻറിനു കിട്ടുന്ന അറിവു വച്ചുകൊണ്ടു് നോക്കിയാൽ അതിനു നടപടി ഉടൻ എടുക്കുന്നതു് കയർ വ്യവസായത്തിനു ഉപകാരമായിരിക്കുകയില്ല.

ഡോക്ടർ ഇ. കെ. മാധവൻ: പച്ചത്തൊണ്ടിൻെറ വില നിയന്ത്രിക്കാൻ സാധിക്കാത്ത പക്ഷം ചീഞ്ഞ തൊണ്ടിൻെറ വില നിയന്ത്രിക്കാൻ സാധിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു വളരെ ശരിയാണു്. ചീഞ്ഞ തൊണ്ടിൻെറ വില പച്ചത്തൊണ്ടിൻെറ വിലയെ ആശ്രയിച്ചാണിരിക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ: പിന്നെ ഏതു നിലയിലാണു് തൊണ്ടു തൊഴിലാളികൾക്കു് ഇണം ഉണ്ടാക്കാൻ പോകുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിലേക്കാണെല്ലാ സഹകരണസംഘാടിസ്ഥാനത്തിൽ ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കണമെന്നു വിചാരിക്കുന്നതു്.

ശ്രീ. പി. നാണു: അങ്ങനെ ചെയ്യുന്നതുകൊണ്ടു കയർ തൊഴിലാളികൾക്കു് വലിയ അഭിവൃദ്ധിയുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അഭിവൃദ്ധിയുണ്ടാകുമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly